REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-10-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഭരണഘടനാ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ കോടതികൾ ഇടപെടണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത്.**
- **മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പുറത്താക്കണമെന്ന പ്രമേയം കേരള നിയമസഭയിൽ അവതരിപ്പിച്ചു.**
- **ഗവൺമെന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നത് പരിശോധിച്ച് വരികയാണെന്ന് മുഖ്യമന്ത്രി VD സതീശൻ.**
- **അടിയന്തരപ്രമേയ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.**
- **സബ്സിഡി സാധനങ്ങൾ റേഷൻകട വഴി വിതരണം ചെയ്യുന്നതു പരിശോധിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്.**

## വാർത്തകൾ വിശദമായി

ഭരണഘടനാ അവകാശങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ കോടതികൾ ഇടപെടണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ 33-ാം സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആത്മാഭിമാനം, സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവയുൾപ്പെടെ വിപുലമായ വാഗ്ദാനങ്ങളാണ് ഭരണഘടന ഓരോ പൗരനും ഉറപ്പു നൽകുന്നത്.

പരാതികളിലും വീഴ്ചകളിലും അന്വേഷണം നടത്തേണ്ടതും ശ്രദ്ധിക്കപ്പെടാതെ പോയേക്കാവുന്ന വിഷയങ്ങൾക്ക് ഔദ്യോഗിക പരിഗണന ലഭിക്കുമെന്ന് ഉറപ്പാക്കേണ്ടതും മനുഷ്യാവകാശ കമ്മീഷനുകളുടെ കടമയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സുപ്രീം കോടതിയുടെ വാതിലുകൾ എല്ലാവർക്കുമായി തുറന്നിട്ടിരിക്കുകയാണെന്നും നിയമ പ്രകാരം ആരുടെയും പരാതി കേൾക്കുമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു. ഇൻഡ്യ സഖ്യ നേതാക്കൾ കൂടിക്കാഴ്ചയ്ക്ക് അഭ്യർത്ഥിച്ച് കത്ത് നൽകിയെന്നും എന്നാൽ കാണാൻ കഴിയാത്തതിന്റെ കാരണം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സാധാരണ പൗരനായാലും തെരഞ്ഞെടുക്കപ്പെട്ടവരായാലും ആർക്കും ഹർജികൾ മുഖേന സുപ്രീംകോടതിയെ സമീപിക്കാൻ അവകാശമുണ്ടെന്നും അർഹരായവർക്ക് നീതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുമെന്നും ജസ്റ്റിസ് സൂര്യകാന്ത് വ്യക്തമാക്കി.

✪✪✪

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് ചട്ടം 118 പ്രകാരം നിയമസഭയിൽ ഗവൺമെന്റ് ഇന്ന് പ്രമേയം അവതരിപ്പിക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കണമെന്നും തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി VD സതീശനാണ് പ്രമേയം അവതരിപ്പിക്കുക.

രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന 2025 കേരള സ്വകാര്യ സർവ്വകലാശാല സ്ഥാപന നിയന്ത്രണ ബിൽ മടക്കിനൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഗവർണർ മുഖേന കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം മന്ത്രി റോജി എം. ജോൺ സഭയിൽ അവതരിപ്പിക്കും.

✪✪✪

ഗവൺമെന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്ന കാര്യം പരിശോധിച്ച് വരികയാണെന്ന് മുഖ്യമന്ത്രി വിഡി സതീശൻ പറഞ്ഞു. LDF ഗവൺമെന്റ് ശമ്പള പരിഷ്കരണത്തിൽ മനപ്പൂർവ്വമായ കാലതാമസം വരുത്തിയെന്നും 50 വർഷത്തെ സംസ്ഥാന ചരിത്രത്തിൽ പേ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാത്ത ഏക ഗവൺമെന്റ് ആയിരുന്നു LDF ന്റെതെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു.

✪✪✪

അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച്, പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ വിദ്യാർത്ഥികളെ മർദിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സഭ നിർത്തി വെച്ച് വിഷയം ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ട് CPIM ലെ വി. ജോയ് ആണ് നോട്ടീസ് നൽകിയത്.

ഗ്യാനേഷ്കുമാറിനെതിരായ സമരം എന്തിനാണ് യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് നേരെ തിരിച്ചു വിട്ടതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ചോദിച്ചു.

✪✪✪

യൂത്ത് കോൺഗ്രസ് - SFI സംഘർഷത്തിൽ മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചതായി മന്ത്രി രമേശ് ചെന്നിത്തല മറുപടിയിൽ പറഞ്ഞു.

പൊലീസിന്റെ ഭാഗത്ത് നിന്ന് അച്ചടക്ക ലംഘനം ഉണ്ടായെങ്കിൽ അത് പരിശോധിക്കുമെന്നും അദ്ദേഹം അറിയിച്ചു.

അതിനാൽ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

തദ്ദേശ ഭരണ വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കാൻ 'ഒരു തദ്ദേശ സ്ഥാപനത്തിന് ഒരു വെബ്സൈറ്റ് ' എന്ന പദ്ധതി ആവിഷ്കരിച്ചതായി മന്ത്രി കെ എം ഷാജി നിയമസഭയിൽ പറഞ്ഞു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഔദ്യോഗിക വെബ്സൈറ്റുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് ചോദ്യോത്തരവേളയിൽ മന്ത്രി അറിയിച്ചു.

✪✪✪

സബ്സിഡി സാധനങ്ങൾ റേഷൻകട വഴി വിതരണം ചെയ്യുന്നതു പരിശോധിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ് നിയമസഭയെ അറിയിച്ചു. നിലവിൽ റേഷൻ കടകളോടനുബന്ധിച്ച് കെ-സ്റ്റോറുകൾ വഴി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

പ്രളയ ദുരന്തത്തിന് ഇരയായവർക്ക് റേഷൻ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിൽ പരാതിയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കും.

അതിദരിദ്ര വിമുക്ത സംസ്ഥാന പ്രഖ്യാപനം മൂലം ഭക്ഷ്യക്കിറ്റുകൾ മുതലായ ആനുകൂല്യങ്ങൾ ഇല്ലാതായത് ഈ വിഭാഗത്തിൽ പെട്ടവരെ പ്രയാസത്തിലാക്കിയിട്ടുണ്ടെന്നും ഈ വഷിയം പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.

പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് തുക ലഭ്യമാക്കാൻ നടപടികൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ നബാർഡുമായി ചർച്ച തുടരുകയാണെന്ന് പറഞ്ഞ അനൂപ് ജേക്കബ് സപ്ലൈകോയിലെ കർഷക രജിസ്ട്രേഷൻ പൂർത്തിയായതായും വ്യക്തമാക്കി.

✪✪✪

കണ്ണൂർ കോർപറേഷൻ സംഘടിപ്പിക്കുന്ന കണ്ണൂർ ദസറ ഇന്ന് ആരംഭിക്കും. കണ്ണൂർ കളക്ട്രേറ്റ് മൈതാനിയിൽ വൈകിട്ട് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി കണ്ണൂരിൽനിന്ന് KO ശശിധരൻ.

---------------------(വോയ്സ്)-----------------------

മൈസൂർ ദസറക്ക് ശേഷം രണ്ടാം ദസറ എന്നാണ് കണ്ണൂർ ദസറ അറിയപ്പെടുന്നത്.

ഒരുമക്കായി ദസറ ലഹരിക്കെതിരെ തൂഫാൻ എന്നതാണ് ഈ വർഷത്തെ കണ്ണൂർ ദസറയുടെ സന്ദേശം 21 വരെ വിവിധ പരിപാടികളാണ് collectorate മൈദാനിയിൽ സജ്ജമാക്കിയിട്ടുള്ളത്.

അവസാനദിവസമായ 21-ന് ജവാഹർ സ്റ്റേഡിയത്തിൽ ആകാശത്ത് ദൃശ്യവിസ്മയം തീർക്കുന്ന മെഗാഡ്രോൺ ഷോയും അരങ്ങേറും. 500 ഓളം ദ്രോനുകൾ ഷോയിൽ പങ്കെടുക്കും കൂടാതെ കണ്ണൂരിലെത്തുന്നവർക്ക് നഗരം ചുറ്റിസഞ്ചരിക്കുവാൻ ഡബ്ൾ ഡെക്കർ ബസ്സ് കെ.എസ്.ആർ.ടി.സി യുടെ സഹകരണത്തോടെ ഒരിക്കുന്നുണ്ട്. സമാപന സമ്മേളനം മന്ത്രി പി കെ കുഞ്ഞാലി കുട്ടി ഉദ്ഘാടനം ചെയ്യും. സിനിമ താരങ്ങളും സാംസ്കാരിക പ്രവർത്തകരും മന്ത്രിമാർ ഉൾപ്പെടെ ജന പ്രതിനിധികളും ഓരോ ദിവസത്തെയും പരിപാടികളിൽ പങ്കെടുക്കും

✪✪✪

കൊച്ചിൻ ഷിപ് യാർഡ് നിർമ്മിച്ച മൂന്നാമത്തെ ആന്റി-സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് രാവിലെ മുംബൈ നേവൽ ഡോക് യാർഡിൽ കമ്മീഷൻ ചെയ്തു. വെസ്റ്റേൺ നേവൽ കമാൻഡിലെ ഫ്ലാഗ് ഓഫീസർ കമാൻഡിംഗ് - ഇൻ- ചീഫ് - വൈസ് അഡ്മിറൽ സഞ്ജയ്

വാത്സായൻ ചടങ്ങിൽ അധ്യക്ഷനായി. മുതിർന്ന നാവിക സേനാ ഉദ്യോഗസ്ഥരും രാജ്യരക്ഷാ മന്ത്രാലയത്തിലെ പ്രമുഖരും പങ്കെടുത്തു.

✪✪✪

ഇപ്പോൾ കിട്ടിയത്

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് ചട്ടം 118 പ്രകാരം നിയമസഭയിൽ മുഖ്യമന്ത്രി VD സതീശൻ അല്പസമയം മുമ്പ് പ്രമേയം അവതരിപ്പിച്ചു. ആരോപണ വിധേയനായ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജി വെക്കണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷനെ തെരഞ്ഞെടുക്കുന്ന സമിതി പുനഃസംഘടിപ്പിക്കണമെന്നും മുഖ്യമന്ത്രി പ്രമേയത്തിൽ ആവശ്യപ്പെട്ടു. അർഹരായ മുഴുവൻ ജനങ്ങളുടെയും വോട്ടവകാശം പുനഃസ്ഥാപിക്കണമെന്നും പ്രമേയത്തിൽ പറഞ്ഞു.

✪✪✪

സോഷ്യലിസ്റ്റ് ചിന്തകനും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന ഡോ. റാം മനോഹർ ലോഹ്യയുടെ ചരമവാർഷികത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ശ്രദ്ധാഞ്ജലി അർപ്പിച്ചു. സാമൂഹ്യ നീതി, ദേശീയോദ്ഗ്രഥനം എന്നിവയ്ക്കായി ജീവിതം സമർപ്പിച്ച മഹാനായിരുന്നു ലോഹ്യയെന്ന് രാജ്നാഥ് സിംഗ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

റിയാദിലെ കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളത്തിന് നേരെ ഹൂതി ആക്രമണം ഉണ്ടായതിനെ തുടർന്ന് സംസ്ഥാനത്ത് നിന്ന് ഗൾഫ് മേഖലയിലേക്ക് പോകുന്ന ഒട്ടേറെ വിമാനങ്ങൾ റദ്ദാക്കി. കൊച്ചി വിമാനത്താവളത്തിൽ ഇന്നലെ ആറ് സർവീസുകളാണ് നിർത്തിയത്. ഇന്നത്തെയും നാളത്തെയും നാല് സർവീസുകളും റദ്ദാക്കിയിട്ടുണ്ട്. സൗദിക്ക് പുറമെ ദോഹ, റാസൽ ഖൈമ സർവീസുകളും നിർത്തിവെച്ചു. കോഴിക്കോട്ട് നിന്ന് കരിപ്പൂർ സൗദി സെക്ടറിലേക്ക് പോകുന്ന മൂന്ന് സർവീസുകളും റദ്ദാക്കി. വിമാനത്താവളത്തിലേക്ക് പുറപ്പെടും മുമ്പ് യാത്രക്കാർ വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട് സമയക്രമം പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് വിമാനത്താവള അധികൃതർ നിർദേശിച്ചു.

✪✪✪

'സന്തോഷത്തോടെ പഠിക്കാം' സംസ്ഥാനവ്യാപക ബോധവൽക്കരണ യജ്ഞത്തിന് തുടക്കമായി. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം സംരക്ഷിക്കുകയും സന്തോഷകരമായ പഠനാന്തരീക്ഷം ഒരുക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. ഈ മാസം 17 വരെ ഗവണ്മെന്റ് സ്കൂളുകളിലും

ഗവണ്മെന്റ് നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിപാടികൾ സംഘടിപ്പിക്കും.

വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യ വകുപ്പാണ് പദ്ധതി സംഘടിപ്പിക്കുന്നത്.

✪✪✪

നെടുമ്പാശ്ശേരിയിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ വാഹനാപകടത്തിൽ പ്രതി സുഹൈൽ സജീവിന്റെ കൂടെ കാറിലുണ്ടായിരുന്ന മൂന്നു പേർ കൂടി പിടിയിൽ. സംഭവസമയത്ത് കാറിലുണ്ടായിരുന്ന ഇവർ അപകടത്തിനു പിന്നാലെ മറ്റൊരു കാറിൽ രക്ഷപ്പെടുകയായിരുന്നു ഇതിലൊരാൾ 18 വയസ് തികയാത്തയാളാണ്. ഇവർക്കെതിരെ പ്രേരണാ കുറ്റം ചുമത്തുമെന്ന് പൊലീസ് അറിയിച്ചു.

സുഹൈലിന്റെ ലൈസൻസ് റദ്ദാക്കുന്ന നടപടി മോട്ടോർ വാഹന വകുപ്പ് ആരംഭിച്ചു. ഇയാൾ യാത്രക്കിടെ മദ്യപിച്ച മൂന്ന് ബാറുകൾക്കെതിരെ നടപടി സ്വീകരിച്ചതായും പൊലീസ് വ്യക്തമാക്കി. നിലവിൽ പ്രതി റിമാൻഡിലാണ്.

മദ്യലഹരിയിലും അമിത വേഗത്തിലും പ്രതി ഓടിച്ച കാറിടിച്ച്  വയനാട് സ്വദേശിനി ദേവിക, പാലക്കാട് സ്വദേശിനി ഗോപിക, സൗത്ത് കർണാടക സുള്ള്യ സ്വദേശി ഇയാസ് എന്നിവരാണ് ഞായറാഴ്ച പുലർച്ചെ മരിച്ചത്.

✪✪✪

കോഴിക്കോട് സെൻട്രൽ ലൈബ്രറി അടക്കം രൂപകല്പന ചെയ്ത പ്രമുഖ അർക്കിടെക്റ്റ് എൻ.എം. സലീം അന്തരിച്ചു. പക്ഷാഘാതത്തെത്തുടർന്ന് ഇന്ന് പുലർച്ചെ  സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന എൻ.എം. സലീം അസോസിയേറ്റ്സിന്റെ സ്ഥാപകനാണ്.

സംസ്കാരം വൈകിട്ട് നാലരയ്ക്ക് കണ്ണംപറമ്പ് കബർസ്ഥാനിൽ നടത്തും.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*News team : എ വി ഫർദിസ്, ഹബീബ് റഹ്മാൻ, വിജേത്*
*DEO : സി കെ സുബോധ്*